I/71172/2022

**സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷന് വാത്സല്യ)**

**സ്റ്റേറ്റ് ചൈല്ഡ് പ്രൊട്ടക്ഷന് സൊസൈറ്റി- മെമ്പര് സെക്രട്ടറിയുടെ നടപടി ക്രമങ്ങള്**

**(ഹാജര്: പ്രിയങ്ക. ജി. IAS ഡയറക്ടര് വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/5526/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 13-12-2022

---

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - കൊല്ലം സ്വദേശി ആഷിക്ക.എ എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ചുത്തരവാകുന്നു.

പരാമർശം : കൊല്ലം DCPO യുടെ 09/11/2022 ലെ DCPU/KLM/D2/BN/19/2022 നമ്പർ കത്ത്.

കൊല്ലം ജില്ലയിൽ പള്ളിമൺ സ്വദേശികളായ ശ്രീ.അമീർഖാൻ, ശ്രീമതി. സുൽഫത്തിന്റെയും മകളായ ആഷിക്ക.എ (10 വയസ്സ്) TD വാക്സിൻ എടുത്തതിനെ തുടർന്ന് കുട്ടിയുടെ കൈയിലെ നീര് അനുഭവപ്പെട്ടതിനെ തുടർന്ന് , കുട്ടിയെ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയമാക്കി. കുട്ടിയുടെ പിതാവ് കൂലിപ്പണിക്ക് പോയി കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് മൂന്നു കുട്ടികൾ അടങ്ങുന്ന കുടുംബം കഴിഞ്ഞു പോകുന്നത് എന്നും നിർധനരായ ടി കുടുംബത്തിന് മറ്റൊരു തരത്തിലുള്ള സാമ്പത്തിക സഹായവും ലഭ്യമല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ 1,17,211/-രൂപ ബാലനിധിയിൽ നിന്നും അനുവദിക്കണമെന്നും മേൽ പരാമർശ പ്രകാരം കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കൊല്ലം ജില്ലയിൽ പള്ളിമൺ സ്വദേശികളായ ശ്രീ.അമീർഖാൻ, ശ്രീമതി. സുൽഫത്തിന്റെയും മകളായ ആഷിക്ക.എ എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്ടിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ 83,170/- രൂപ (**എൺപത്തി മൂവായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ മാത്രം** ) അനുവദിച്ചു ത്തരവാകുന്നു.

ടി തുകയായ 83,170/-രൂപ (**എൺപത്തി മൂവായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ മാത്രം** ) 2235-02-106-91 (P) എന്ന ശീർഷകത്തിൽ നിന്നും കൊല്ലം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി നൽകേണ്ടതും. വനിത ശിശു വികസന ഓഫീസർ തുക

I/71172/2022

അലോട്ടുമെന്റായി കൊല്ലം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കൊല്ലം

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കൊല്ലം
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 13-12-2022 00:49:32